**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 104** **27-01-2026 - ൽ മറുപടിയ്ക്ക്**

**ആൾക്കൂട്ടകൊലപാതകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. റോജി എം. ജോൺ , ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | അട്ടപ്പള്ളത്തെ ആൾക്കൂട്ടകൊലപാതകം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്.<br><br>അതിഥി തൊഴിലാളിയായ ഛത്തീസ്ഗഢ് സ്വദേശിയെ അട്ടപ്പള്ളം കനാൽപിരിവ് റോഡിൽ വെച്ച് 17.12.2025-ൽ പ്രതികൾ പരിക്കേൽപ്പിച്ചതിനെ തുടർന്ന് ചികിൽസക്കിടെ മരണപ്പെട്ടു. ഇക്കാര്യത്തിൽ വാളയാർ പോലീസ് സ്റ്റേഷനിൽ ക്രൈം.നം. 975/2025 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ 9 പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡിൽ പാർപ്പിച്ചിട്ടുണ്ട്. കേസ്സിന്റെ ഗൗരവം പരിഗണിച്ച് അന്വേഷണം പാലക്കാട് ജില്ലാ ക്രൈംബ്രാഞ്ച്, ഡിവൈ.എസ്.പി-ക്ക് കൈമാറിയിട്ടുണ്ട്. SC/ST ആക്ട് വകുപ്പ് 3(2 V) ഉൾപ്പെടെയുള്ള വകുപ്പുകൾ ചേർത്ത് ഊർജ്ജിതമായി അന്വേഷണം നടന്നുവരികയാണ്.<br><br>മരിച്ച അതിഥി തൊഴിലാളിയുടെ കുടുംബത്തെ സഹായിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 30 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത കൊലപാതകത്തിലെ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കാനും മരിച്ച അതിഥി തൊഴിലാളിയുടെ കുടുംബത്തെ സാമ്പത്തികമായി സഹായിക്കാനും നടപടി സ്വീകരിക്കുമോ; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | ജനങ്ങൾ നിയമം കൈയിലെടുക്കുന്നതു തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | ഇത്തരം കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവരെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് ടിയാന്മാരുടെ പ്രവൃത്തികൾ പ്രത്യേകം നിരീക്ഷിച്ചും, ഇത്തരം കുറ്റകൃത്യത്തിലേർപ്പെടുന്ന പക്ഷം ഉണ്ടാകാവുന്ന നിയമപരമായ നടപടിക്രമങ്ങളെപ്പറ്റിയും, പൊതുജനങ്ങളിൽ നിന്നും ഉണ്ടാകേണ്ട മനുഷ്യത്വപരമായ പെരുമാറ്റത്തെപ്പറ്റിയും |

| | | | |
|---|---|---|---|
| | | | ബോധവാൻമാരാക്കുന്നതിനുള്ള നടപടികൾ ജനമൈത്രി പോലീസ് സംവിധാനം ഉപയോഗിച്ച് സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ